# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5506 | 02.11.2016 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക-സേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.റ്റി.വി.രാജേഷ് | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക-സേവന നികുതി നിലവിൽ വരുമ്പോൾ എത്ര സ്ലാബുകളിലായി നികുതി നിരക്ക് ഏർപ്പെടുത്താനാണ് തീരുമാനമായിട്ടുള്ളത്; വിശദമാക്കാമോ ; | (എ) & (ബി) | ചരക്ക സേവന നികുതിയിലുള്ള സ്ലാബുകളെപ്പറ്റി ജി.എസ്.ടി കൗൺസിലിൽ ചർച്ചകൾ പുരോഗമിച്ചു വരുന്നതേയുള്ളൂ. നിരക്കുകളെക്കുറിച്ച് സമവായം ആയിട്ടില്ല. സാധാരണക്കാരെ ബാധിക്കുന്ന ഉല്പന്നങ്ങളെ വില വർദ്ധനവിൽ നിന്നൊഴിവാക്കണമെന്ന രീതിയിലാണ് ധാരണ ഉരുത്തിരിഞ്ഞു വരുന്നത്. കേരളം ഈ അഭിപ്രായം ജി.എസ്.ടി കൗൺസിലിൽ ശക്തമായി ഉന്നയിച്ചിട്ടുണ്ട്. നികുതി നിരക്കുകളിന്മേൽ തീരുമാനം ആകാത്ത സ്ഥിതിക്ക് വിലവർദ്ധനവിനെപ്പറ്റി വ്യക്തമാക്കാൻ നിർവാഹമില്ല. |
| (ബി) | ഇതു വഴി സാധാരണക്കാരെ ബാധിക്കുന്ന ഏതൊക്കെ ഉല്പന്നങ്ങൾക്കാണ് വില കൂടാനിടയുള്ളതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | പുതിയ നികുതി നിരക്ക് സംബന്ധിച്ച് എന്തൊക്കെ വിയോജിപ്പുകളാണ് കേന്ദ്ര ഉന്നതാധികാര സമിതിയിൽ സമർപ്പിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | (സി) | പുതിയ നികുതി നിരക്കുകൾ സംബന്ധിച്ച് ജി.എസ്.ടി. കൗൺസിൽ തീരുമാനം എടുത്തിട്ടില്ല. ആവശ്യ വസ്തുക്കൾക്ക് 4-6% നിരക്കിലും മറ്റു ചരക്കുകൾക്ക് 12-14%, 18-20% നിരക്കുകളിലും ആഢംബര വസ്തുക്കൾക്ക് 35-40% നിരക്കിലും GST ഏർപ്പെടുത്തണമെന്നാണ് കേരളം ആവശ്യപ്പെടുന്നത്. വിശദമായ ചർച്ച നവംബർ 3,4 തീയതികളിലെ GST കൗൺസിലിലാണ് നടക്കുക. |

(S/-)
Katheesh
സെക്ഷൻ ഓഫീസർ